"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്- ഡയാലിസിസ് ധനസഹായം- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.227/2022/LSGD   തീയതി,തിരുവനന്തപുരം, 04-02-2022

---

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.2021 തീയതിയിലെ കത്ത്.
2. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 19/11/2021-ലെ 4(18)-ാം നമ്പർ തീരുമാനം.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022ലെ 4.10 നമ്പർ തീരുമാനം.

ഉത്തരവ്

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 2019-20 'ആശ്വാസ്' എന്ന പേരിൽ കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ഒരു മാസം 4500/- രൂപ വീതം ബന്ധപ്പെട്ട ആശുപത്രിക്ക് ധനസഹായം നൽകി വരുന്നു. ഈ നിരക്കിൽ തന്നെ തുടർന്നും നടപ്പാക്കാൻ അനുമതി നൽകണമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ധനസഹായം നൽകുന്നതിന് എസ്‌സി. , എസ്.റ്റി. , ബി.പി.എൽ മത്സ്യതൊഴിലാളി കുടുംബത്തിന് മുൻഗണന നൽകേണ്ടതാണ് എന്ന നിബന്ധനയോടെ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നൽകുന്നതുപോലെ പ്രതിമാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(വിംഗ്), ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ